നം.കെ.എസ്.എ.പിറ്റിഎ/പി 4/ 1521/2018 തീയതി: 12.12.2018

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 01.04.2017 മുതൽ 07.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2018 മുതൽ 19.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി. സ്നിദ്ധ .എസ്സ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി. ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മഹേഷ് കുമാർ.കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലേഖാ രഘുനാഥ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.ചെറിയാൻ. സി.തോമസ്സ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.പ്രസന്നാ സജീഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ബിന്ദു മോൻസി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.പ്രസാദ്.ഇ.എം | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | 1.ശ്രീമതി.ബിന്ദു A.ജോയി<br>2.ശ്രീ.സി.പി.സനൽ കുമാർ | 01.04.2017 മുതൽ 06.12.2017 വരെ<br>07.12.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം

| ക്രമ | ഇനം | ഖണ്ഡിക |
|---|---|---|

| നം. | | നം. |
|---|---|---|
| | ഭാഗം 1: ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9. | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11. | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം | 1-11 |
| 12. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13. | കാർ പാർക്കിംഗിലും വസ്തുവിന്റെ അളവിലും തെറ്റായ വിവരങ്ങൾ നൽകിയ കെട്ടിടത്തിനു പെർമിറ്റ് നൽകി | 2-1 |
| 14. | ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 2-2 |
| 15. | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 2-3 |
| 16. | സേവന ഉപനികുതി ഈടാക്കുന്നില്ല. | 2-4 |
| 17. | വാടകയിനത്തിൽ ലഭിക്കാനുള്ളത് 1.64 ലക്ഷം രൂപ | 2-5 |
| | ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18. | അങ്കണവാടികൾക്ക് ശിശു സൗഹൃദ ഫർണിച്ചർ-ഗുണനിലവാരം ഉറപ്പാക്കാതെ വാങ്ങൽ നടത്തി | 3-1 |
| 19. | വനിതകൾക്ക് യോഗാ പരിശീലനം-യോഗാ പരിശീലകരെ തെരഞ്ഞെടുത്തതിലും ഹോണറേറിയം നൽകിയതിലും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 3-2 |
| 20. | വൃദ്ധർക്ക് കിടക്ക വിതരണം-ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത | 3-3 |
| 21. | പൾസ് പോളിയോ -ഫണ്ട് ചെലവഴിച്ചതിൽ അപാകതകൾ | 3-4 |

| | | |
|---|---|---|
| 22. | ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി | 3-5 |
| 23. | വസ്തു വകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല | 3-6 |
| 24. | പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല | 3-7 |
| 25. | സ്പെസിഫിക്കേഷൻ ഇല്ലാതെ ടെണ്ടർ ക്ഷണിച്ചു - വാങ്ങലുകളിൽ സുതാര്യത ഇല്ല | 3-8 |
| 26. | മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല | 3-9 |
| 27. | പൊതു മരാമത്ത് പ്രവൃത്തികൾ - റോഡ് നിർമ്മാണത്തിനുള്ള മൺപണി - വികസന ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല | 3-10 |
| 28. | അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു | 3-11 |
| 29. | കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ സെന്റേജ് ചാർജ് തിരികെ ഈടാക്കണം | 3-12 |
| 30. | തൊഴിലുറപ്പ് പദ്ധതി | 3-13 |
| 31. | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പട്ടികജാതി വികസനഫണ്ട് വിനിയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 3-14 |
| 32. | മരാമത്ത് പ്രവൃത്തികൾ- റോഡ് കോൺക്രീറ്റിംഗിൽ ഒതുങ്ങുന്നു | 3-15 |
| 33. | ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ -2012000/- രൂപ അടങ്കലുള്ള 5 പ്രവൃത്തികൾ നടപ്പിലാക്കിയില്ല | 3-16 |
| | ഭാഗം 4: പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 37. | വായ്പാ തിരിച്ചടവിന്റെ വിവരം | 4-4 |
| 38. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39. | ഓഡിറ്റ് റിക്കവറി | 4-6 |
| 40. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 42. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 27.03.2017 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി | 21.02.2018 |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 4790128 | 6355177 | 1565049 |
| വരവ് | 77998774 | 42271218 | -35727556 |
| ആകെ | 82788902 | 48626395 | -34162507 |
| ചെലവ് | 78368250 | 43706606 | -34661644 |
| നീക്കിയിരിപ്പ് | 4420652 | 4919789 | 499137 |

പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിലുള്ള ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 27.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 18.06.2018 മുതൽ 19.06.2018 വരെ |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 18.07.2018-ലെ കെ.എസ്.എ.പി.റ്റി.എ.പി4/772/2018നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 6355177 |
| വരവ് | 42271218 |
| ആകെ | 48626395 |
| ചെലവ് | 43706606 |
| നീക്കിബാക്കി | 4919789 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7538728 | 7538728 | 7420534 | 118194 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4538926 | 4538926 | 4062200 | 476726 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 8120 | 8120 | 8120 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6943032 | 6943032 | 5832182 | 1110850 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2590263 | 2590263 | 2590263 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3213460 | 3213460 | 2818737 | 394723 |

| | | | | | |
|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 0 | | | | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 144 | 94 | 50 | 65.27 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 13 | 4302185 | 2459966 | 57.17 |
| കൃഷി ഓഫീസർ | 5 | 4 | 2972850 | 2106470 | 70.85 |
| വെറ്റിനറി സർജൻ | 7 | 6 | 2223600 | 1105200 | 49.7 |
| എൽ.വി.ഇ.ഒ. | 5 | 2 | 3595027 | 2400000 | 66.75 |
| വി.ഇ.ഒ. | 3 | 2 | 2026500 | 1660000 | 81.91 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 78 | 43 | 19342108 | 9554389 | 49.4 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 3032000 | 2622243 | 86.48 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 6 | 2250000 | 1890000 | 84 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| ഹെഡ് മാസ്റ്റർ | 7 | 6 | 1161200 | 1029799 | 88.68 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 975000 | 350000 | 35.89 |
| ആകെ | 144 | 94 | 42730470 | 26028067 | 60.91 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
4. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
5. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കുന്നില്ല.
6. ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.
7. എസ്സ്.സി.പി,ടി.എസ്സ്.പി ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

പോരായ്മകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം കുറ്റമറ്റമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3097101 | 3872510 | 775409 | 25.04 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 667718 | 634807 | -32911 | -4.92 |
| മറ്റ് വരവുകൾ | 3764919 | 1322366 | -2442553 | -64.88 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2018ൽ സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7188 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽ വരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.ജീവനക്കാരുടെ ജോലി വിഭജനം രേഖപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്. സെക്ഷനുകൾ സൂചിക സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തലുകൾ നടത്തി ആനുകാലികമാക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവേ തൃപ്തികരമാണ്.

പ്രൊക്യൂർമെന്റ്: പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല. ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല. വാങ്ങലുകൾ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതപ്പെടുത്തി തീരുമാനമെടുക്കുക മാത്രമാണ് കമ്മിറ്റിയിൽ ചെയ്തിട്ടുള്ളത്.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 25.10.2018 മുതൽ 27.10.2018 വരെ | 7/18 മുതൽ 9/18 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ | 25.01.2014 മുതൽ | 2008-09 മുതൽ | 21.4.2014 |

| | | | | |
|---|---|---|---|---|
| | ഓഡിറ്റ് | 7.2.2014 വരെ | 2012-13 വരെ | |

## 1-11 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം

പദ്ധതി ആസൂത്രണത്തിനായി 12 വിഷയ മേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയ മേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടേയും മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഇവയുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്നതിനു പകരം പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | ആകെ അംഗങ്ങളുടെ എണ്ണം | കൂടിയ തീയതി/ഹാജരായവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| പൊതു ഭരണവും ധനകാര്യവും | കണക്കുകളും, രേഖകളും തയ്യാറാക്കൽ | രൂപീകരിച്ചിട്ടില്ല. | | മിനിട്സ് ക്ളോസ്സ് ചെയ്തിട്ടില്ല. |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും | 16 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 2. മൃഗസംരക്ഷണവും ക്ഷീര വികസനവും | 15 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 3. ചെറുകിട വ്യവസായം | 16 | 27.05.2017<br>14.02.2018<br>14.03.2018 | " |
| പൊതു മരാമത്ത് | | 16 | 27.05.2017<br>14.02.2018<br>14.03.2018 | ആസൂത്രണ സമിതി അംഗീകരിച്ച മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുള്ള ശുപാർശ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| ക്ഷേമകാര്യം | 1. ദാരിദ്ര്യ ലഘൂകരണം | 17 | | മിനിട്സ് ഹാജരാക്കിയില്ല. |
| | 2. സാമൂഹ്യക്ഷേമം | 15 | 27.05.2017<br>14.02.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |

| | | | | |
|---|---|---|---|---|
| | | | 14.03.2018 | |
| | 3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 16 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 5. സ്ത്രീകളുടേയും കുട്ടികളുടെയും വികസനം | 16 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 1. ആരോഗ്യം | 16 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| ആരോഗ്യവും, വിദ്യാഭ്യാസവും | 2. കുടിവെള്ളം, ശുചിത്വം | 17 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 3. വിദ്യാഭ്യാസം, സാംസ്കാരികം | 18 | 27.05.2017<br>14.02.2018<br>14.03.2018 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രം. |
| വൈദ്യുതി, ഊർജ്ജം | | 14 | | മിനിട്സ് എഴുതിയിട്ടില്ല. |
| പാർപ്പിടം | രൂപീകരിച്ചിട്ടില്ല | | | |

വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയോ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

<u>മോണിട്ടറിംഗ് ഫലപ്രദമായില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി പ്രോജക്ടുകളോടൊപ്പം സൂക്ഷിക്കുന്നില്ല.

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. വസ്തു നികുതിയിനത്തിൽ ഡിമാന്റ് കളക്ഷൻ ബാലൻസ് ഇനങ്ങളിലെ തുകകളും സഞ്ചയയിലെ തുകകളും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.
2. താഴെപ്പറയുന്ന അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാടുകൾ ഇല്ലാത്തതും നിലവിൽ ഓപ്പറേറ്റ് ചെയ്യാത്തതും ആയതിനാൽ മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ സംബന്ധിച്ച് ബാങ്കിൽ നിന്നും സാക്ഷ്യപത്രം

വാങ്ങിയതിനു ശേഷം കമ്മിറ്റി തീരുമാന പ്രകാരം ഈ തുകകൾ ക്രമീകരിക്കേണ്ടതാണ്.

a) ഇന്ത്യൻ ഓവർസീസ് ബാങ്ക് (തനത് ഫണ്ട്)-1429 രൂപ

b) പോസ്റ്റ് ഓഫീസ് തനതു ഫണ്ട് -505 രൂപ

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കാർ പാർക്കിംഗിലും വസ്തുവിന്റെ അളവിലും തെറ്റായ വിവരങ്ങൾ നൽകിയ കെട്ടിടത്തിനു പെർമിറ്റ് നൽകി.

കുറ്റൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിനു പുതിയ ബാങ്ക്-ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകിയതിൽ അപാകതകളുള്ളതായി കണ്ടു. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽഡിംഗ് പെർമിറ്റ് :A2-BA(54195)/2018;01.03.2018

സർവ്വെ നമ്പർ : S-148/10,S-304/4, കുറ്റൂർ വില്ലേജ്.

പ്ലോട്ട് ഏരിയ : 06.50ആർ'+03.50 ആർ'=10ആർ'=1000m2.


നിർദ്ദിഷ്ട വാണിജ്യ കെട്ടിടത്തിന്റെ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| | Plinth area (m2) | Carpet area (m2) |
|---|---|---|
| Ground Floor | 252 | 202 |
| First Floor | 333 | 266 |
| Second Floor | 359 | 287 |
| Total | 967 | 773 |

കാർ പാർക്കിംഗിലും വസ്തുവിന്റെ അളവിലും അപേക്ഷയിൽ തെറ്റായ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നു പ്രഥമദൃഷ്ട്യാ കാണുന്നു. 23.02.2018-ലെ സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയുള്ള അപേക്ഷയിന്മേൽ (E-file No:489541) അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തിയെന്നും പ്ലാനും സൈറ്റ് പരിശോധനയിലും കെട്ടിട നിർമ്മാണം KPBR ചട്ടങ്ങൾ പാലിയ്ക്കുന്നുണ്ടെന്നും നോട്ട് ഫയലിൽ സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിരുന്നു. (A2/15.03.2018). എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർക്കു പകരം ഓവർസിയർ ആയ ശ്രീ.M.T വിജയൻ ആണ് സ്ഥല പരിശോധന റിപ്പോർട്ട് നൽകിയത്.

1. കുറ്റൂർ വില്ലേജ് ഓഫീസർ 20.02.2018 ൽ നൽകിയ ലൊക്കേഷൻ സ്കെച്ച് പ്രകാരം സർവ്വെ നമ്പർ 148/10 ൽ ഉൾപ്പെട്ട സ്ഥലത്താണ് കെട്ടിടം നിർമ്മിക്കുന്നത്. ഇതിന്റെ ഏരിയ എന്നത് 06.50 ആർ ആണ്. (650 സ്ക്വയർ മീറ്റർ). ്എന്നാൽ 304/4 എന്ന സർവ്വെ നമ്പരിൽപെട്ട 3.50 ആർ (350m2) സ്ഥലം കൂടി പ്ലാനിൽ കാണിച്ചതിനു വ്യക്തതയില്ല. ടി രണ്ടു സർവ്വെ നമ്പരുകളിൽപെട്ട സ്ഥലവും അടുത്തടുത്തു കിടക്കുന്ന പ്ലോട്ടുകളാണ് എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ ലൊക്കേഷൻ സ്കെച്ച് ഹാജരാക്കേണ്ടതാണ്. രണ്ടു സർവ്വെ നമ്പരുകളിൽപ്പട്ട സ്ഥലവും വ്യത്യസ്ത സ്ഥലങ്ങളിലാണെങ്കിൽ F.A.R ഉം കവറേജും കണക്കാക്കി

പുതുക്കിയ പ്ലാൻ സമർപ്പിക്കാനും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് നൽകാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.



(ലൊക്കേഷൻ സ്കെച്ച്)

2. കാർ പാർക്കിംഗിനുള്ള സ്ഥലം പ്ലോട്ടിനകത്തു കാണിച്ചിരിക്കുന്നത് തെറ്റായാണ്. ഈ കെട്ടിടത്തിനു വേണ്ട കാർ പാർക്കിംഗ് ഏരിയ താഴെ പറയും പ്രകാരമാണ്.

കാർപ്പറ്റ് ഏരിയ=773m2

E/F വിനിയോഗത്തിനു വേണ്ട കാർപാർക്കിംഗ്= 773/75=10.30


ആകെ -11 കാറുകൾ

അതായത് 11x5.5x2.7= 163.35m2

കാറ്റഗറി-II പഞ്ചായത്തിന് 75%=9 കാറുകൾ

=9x5.5x2.7=133.65m2

അതായത് 9 കാറുകൾക്കു വേണ്ട സ്ഥലം പ്ലോട്ടിൽ ഉണ്ടാകണം . ഇതിനാനുപാതികമായി 25% സ്ഥലം ഇരുചക്ര വാഹനങ്ങൾക്കും (33.41m2) ഉണ്ടാകണം. പ്ലാനിൽ 10 കാറുകൾക്കുള്ള സ്ഥലം കാണിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പ്ലാനിൽ പാർക്കിംഗ് സംബന്ധിച്ച യാതൊരു നിബന്ധനകളും പാലിച്ചല്ല ഇപ്രകാരം കാർ പാർക്കിംഗ് കാണിച്ചിട്ടുള്ളത്. നിലവിലുള്ള പ്ലാനിൽ ഫ്രണ്ട് യാർഡിൽ 7 കാറുകൾക്കുള്ള സ്ഥലം കാണിച്ചിരിക്കുന്നു. ഇത് അനുവദിക്കാനാവില്ല. റൂൾ 38(7) പ്രകാരം ചട്ടപ്രകാരമുള്ള തുറന്ന സ്ഥലത്തിന് (Open space) വാഹന പ്രവേശനമാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിക്കാനുള്ള സൗകര്യവുമുള്ള പക്ഷം തുറന്ന സ്ഥലത്തിന്റെ പരമാവധി 50%, പാർക്കിംഗ് സ്ഥലമായി കണക്കാക്കാവുന്നതാണ്.എന്നാൽ ഇവിടെ ഫ്രണ്ട് യാർഡിന്റെ 100% സ്ഥലവും പാർക്കിംങ്ങിനായി കാണിച്ചിരിക്കുന്നു. മറ്റു മൂന്നു കാറുകളിൽ രണ്ടെണ്ണം ഗ്രൗണ്ട് ഫ്ലോറിലെ പിൻഭാഗത്ത് കാണിച്ചിരിക്കുന്നു. ഓവർസിയറുടെ പരിശോധന റിപ്പോർട്ട് പ്രകാരം സൈഡ് യാർഡുകൾക്ക് 1.5 M മാത്രമാണ് തുറന്ന സ്ഥലമുള്ളത്. ഇതിലൂടെ കാറുകൾക്ക് പോകാൻ കഴിയുകയില്ല. കെട്ടിടത്തിനകത്ത് കാർ പാർക്ക് ചെയ്യാനുള്ള സൗകര്യമില്ലായെന്നിരിക്കെ പ്ലാനിൽ ക്രമക്കേട് നടത്തിയതിനും ഇതിന് അംഗീകാരം നൽകാൻ ശുപാർശ ചെയ്തതിനു ഉത്തരവാദിയായ ഓവർസിയർ ആയ ശ്രീ.M.T വിജയനിൽ നിന്നും വിശദീകരണം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.




(പാർക്കിംഗ് രേഖപ്പെടുത്തിയ കെട്ടിട പ്ലാൻ)

മേൽ ഗുരുതരമായ അപാകതകളിന്മേൽ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റും പ്ലാനും പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതും റൂൾ-18 പ്രകാരമുള്ള തുടർ നടപടികൾ സെക്രട്ടറി തുടർന്നു സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ

നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 ൽ 196 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇവയിൽ 26 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരിയിൽ നൽകിയത്. ഇതിൽ നിന്നും 01.04.2017 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് 170 സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്.

വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| 1 | ബി.എസ്.എൻ.എൽ. തിരുവല്ല |
| 2 | കുറ്റൂർ ക്ഷീരസംഘം |
| 3 | തലയാർ ക്ഷീരസംഘം |
| 4 | പടിഞ്ഞാറ്റോതറ ക്ഷീരസംഘം |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പിരിച്ചെടുക്കാതെ ബാക്കിയായ സ്ഥാപന തൊഴിൽ നികുതി (ട്രേഡേഴ്സ് & സ്ഥാപനങ്ങൾ) കുടിശ്ശിക, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. നികുതി ലഭിക്കുന്നതിനനുസൃതമായിട്ടാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ആയതിനാൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ഏതെല്ലാം സ്ഥാപനങ്ങളാണ് നൽകാനുള്ളതെന്ന കൃത്യമായ വിവരം ലഭ്യമല്ല. നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെന്റ് രജിസ്റ്റർ (1996 ലെ കേ.പ.രാ.തൊഴിൽ നികുതി ചട്ടങ്ങൾ - ചട്ടം 18(2)) ഫോറം 5-മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കട ഉടമകൾ, പഞ്ചായത്ത് പരിധിയിൽ പ്രവൃത്തി ചെയ്ത കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി കണക്കാക്കി ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-4 സേവന ഉപനികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

തെരുവു വിളക്കുകളുടെ പരിപാലനം, ജലവിതരണം എന്നീ സേവനങ്ങൾക്ക് ഗണ്യമായ തുകയാണ് തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത്. ശമ്പളവും ഓണറേറിയവും മറ്റ് അനിവാര്യ ചെലവുകളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് വരവ് പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉപനികുതി ചുമത്തുന്നതിലൂടെ ഉണ്ടാകുന്ന അധിക വരുമാനം ഉപയോഗപ്പെടുത്താവുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 വാടകയിനത്തിൽ ലഭിക്കാനുള്ളത് 1.64 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും ഓഡിറ്റ് വർഷം വാടകക്കുടിശ്ശികയിനത്തിൽ 164318/-രൂപ ലഭിക്കാനുണ്ട്. സെക്ഷനിൽനിന്നും ലഭ്യമായ വിശദാംശം ചുവടെ ചേർക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | ലഭിക്കാനുള്ള കുടിശ്ശിക |
|---|---|---|
| 3 | പി.എം.വർഗ്ഗീസ് | 33000 |
| 6 | കെ.ആർ.ചെല്ലപ്പൻ | 3750 |
| 7 | ജയകുമാർ | 8820 |
| 8 | സുനി കുരുവിള | 70 |
| 9 | എം.എൻ.ഗോപാലകൃഷ്ണൻ | 78448 |
| 10 | അമ്മിണി കുഞ്ഞു പണിക്കർ | 2900 |
| 11 | സോമശേഖരൻ പിള്ള | 5 |
| 14 | സുജാത കുമാർ | 37132 |

| | | |
|---|---|---|
| 15 | റ്റി.റ്റി.മാത്യു | 192 |
| 16 | ജയ് കൊച്ചൻ | 1 |
| | ആകെ | 164318 |

തുക അടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കുടിശ്ശിക തുക ഈടാക്കിയിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അങ്കണവാടികൾക്ക് ശിശു സൗഹൃദ ഫർണിച്ചർ- ഗുണനിലവാരം ഉറപ്പാക്കാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 125/2017-18,അങ്കണവാടികളിലേക്ക് ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ. |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 347000 |
| ബിൽ തുക, ബിൽ നമ്പർ | ₹290250, ബിൽ നമ്പർ:137/11.02.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ. | ICDS സൂപ്പർവൈസർ |
| സ്ഥാപനം | പ്ലാസാ എന്റർപ്രൈസസ്, കലഞ്ഞൂർ. |

അങ്കണവാടികളിലേക്ക് ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ 225 കസേരകൾ പ്ലാസാ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 1290/- രൂപ നിരക്കിൽ വാങ്ങിയതിന് പ്രസ്തുത ബിൽ പ്രകാരം 290250/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ടി പദ്ധതിയിൽ കസേരകൾ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം (നം.A4-1440/17;11.09.2017) ടെണ്ടർ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ തമ്പുരാൻ കാലായിൽ, പ്ലാസാ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ കസേര ഒന്നിന് 1290/- രൂപയും ഭാരത് ഡിസ്ട്രിബ്യൂട്ടേഴ്സ്, മല്ലപ്പള്ളി എന്ന സ്ഥാപനം 5 വർഷ ഗ്യാരണ്ടിയോടെയുള്ള കസേര (Eco friendly baby chair,Steel,hand rest,lock system,Cartoon stickers) ഒന്നിന് 1325 രൂപയും ക്വോട്ട് ചെയ്തിരുന്നു. സാമ്പിൾ ഹാജരാക്കുന്നതിനോ പരിശോധിക്കുന്നതിനോ പ്രൊക്യൂർമെന്റ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ നിർദ്ദേശം നൽകിയിരുന്നില്ല. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത തമ്പുരാൻകാലായിൽ ഏജൻസീസ് , പ്ലാസാ എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങളുടെ സാധനങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉള്ളത് വാങ്ങുന്നതിന് 04.10.2017-ലെ ഭരണസമിതി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്ലാസാ എന്റർപ്രൈസസിൽ നിന്നും കസേരകൾ വാങ്ങിയെങ്കിലും ഗുണനിലവാരം പരിശോധിക്കാതെയാണ് സപ്ലൈ ഓർഡർ നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം:11/2018 തീയതി 16.11.2018) മറുപടിയായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടേയും നിർദ്ദേശപ്രകാരമാണ് മേൽ സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

45-ാം നമ്പർ അങ്കണവാടിയിൽ ഓഡിറ്റ് ടീം നേരിട്ട് ഭൗതിക പരിശോധന നടത്തിയതിൽ ഒരു മുറിയിൽ

പത്തോളം കസേരകൾ കൂട്ടിയിട്ടിരിക്കുന്നതായും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കസേരകളല്ല സപ്ലൈ ചെയ്തിട്ടുള്ളതെന്നും വ്യക്തമായിട്ടുണ്ട്. steel chair with writing pad (22g) and cushion എന്ന കസേരയ്ക്കു പകരം നിലവാരം കുറഞ്ഞ ഇരുമ്പു പൈപ്പ് കൊണ്ട് നിർമ്മിച്ച ഗുണമേന്മയില്ലാത്ത കസേരകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. പല കസേരകളും തുരുമ്പിച്ചതും ഇളകിപ്പോയതുമായ അവസ്ഥയിലായിരുന്നു. ആവശ്യത്തിൽ കൂടുതൽ കസേരകൾ വാങ്ങിയതായും ഗുണമേന്മ ഉറപ്പുവരുത്തിയിട്ടില്ല എന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.



സ്ഥാപനത്തിന്റെ EMD തുക തിരികെ നൽകരുതെന്നും വാങ്ങിയ 225 കസേരകളും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും കേടുപാടുകൾ തീർക്കേണ്ടതാണെന്നും കാണിച്ച് കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 01.09.2018-ൽ കത്ത് നൽകിയിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തോട് വിശദീകരണം ചോദിച്ചതിന്റെയും മറ്റു വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് സ്ഥാപനം വിതരണം ചെയ്ത വിലകുറഞ്ഞ ഫർണിച്ചറുകൾ മാറ്റി ഗുണനിലവാരമുള്ളത് മാറ്റിയിടുവാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റ് സ്ഥാപനത്തോട് നിർദ്ദേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയും പ്രൊക്യൂർമെന്റ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥയും ഈ അപാകതകൾക്ക് തുല്യ ഉത്തരവാദികളായിരിക്കുന്നതാണ്. തുടർ നിയമനടപടികളും സ്ഥാപനത്തെ കരിമ്പട്ടികയിൽപെടുത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക ₹290250 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വനിതകൾക്ക് യോഗാ പരിശീലനം-യോഗാ പരിശീലകരെ തെരഞ്ഞെടുത്തതിലും ഹോണറേറിയം നൽകിയതിലും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 88/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ | 200000(വികസന ഫണ്ട്) |
| ചെലവ് ,ബിൽ നമ്പർ | 140000, 17/2017-18/ 21.3.2018 |

യോഗാ പരിശീലനവുമായി ബന്ധപ്പെട്ട പ്രോജക്ട് അനുബന്ധ ഫയൽ എന്നിവ പരിശോധിച്ചതിൽ സർക്കാർ ഉത്തരവ് (സാധാ).നം. 3190/2017 തസ്വഭവ.തീയതി 03.10.2017 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ശ്രീ വിനോദ് കുമാർ സി.സി, സുരേഷ്.സി, ശ്രീകുമാർ.എം എന്നീ യോഗാ പരിശീലകരെ തെരഞ്ഞെടുത്തതിൽ സ.ഉ (സാധാ.നം.3190/2017/തസ്വഭവ.നമ്പർ തീയതി 03.10.2017 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല. യോഗ പരിശീലകർക്ക് അംഗീകൃത സർവ്വകലാശാലയിൽ നിന്നും BNYS ബിരുദമോ തത്തുല്യ യോഗ്യതയോ ലഭിച്ചതിന്റെ വിവരമോ, ഇവർക്ക് യോഗ അസോസിയേഷനും കേരള സ്പോർട്സ് കൗൺസിലും അംഗീകരിച്ച യോഗ്യതയുണ്ടോയെന്ന വിവരവും തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല.

2. യോഗ പരിശീലകർക്ക് പ്രതിദിനം 400 രൂപ ക്രമത്തിൽ പ്രതിമാസം 12000 രൂപവരെ നൽകുന്നതിനായിരുന്ന സർക്കാർ നിർദ്ദേശം. ഇതിനു വിരുദ്ധമായി പ്രതിദിനം 500 രൂപ ക്രമത്തിൽ 20 ക്ലാസ്സുകൾ വീതം 14 വാർഡുകളിൽ എടുത്തതിന് 140000 രൂപയാണ് നൽകിയിട്ടുള്ളത്. 20 ക്ലാസ്സ് ഒരുമാസം എടുത്തതിന് 400/- രൂപ ക്രമത്തിൽ 8000/- രൂപയ്ക്കായിരുന്നു അർഹത. ഇപ്രകാരം 14 വാർഡുകളിൽ 20 ക്ലാസ്സ് വീതം എടുത്തതിന് 112000/- രൂപയുടെ ചെലവ് മാത്രമെ വരികയുള്ളൂ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/2018 തീയതി 13.11.2018) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 28000 രൂപ (140000-112000) ഓഡിറ്റിൽ നിരാകരിക്കുന്നു.

തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 3-3 വൃദ്ധർക്ക് കിടക്ക വിതരണം-ടെണ്ടർ നടപടിക്രമങ്ങളിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | 68/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | 360000 |
| ചെലവ് , ബിൽ നമ്പർ, തീയതി | 360000, 14/17-18, തീ. 19.02.2018 |

തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങിയതിന് ഒരു യൂണിറ്റിന് 4290 രൂപ നിരക്കിൽ 84 എണ്ണത്തിന് 360000 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ്റ്റോറുകളുടെ വിവരവും സ്പെസിഫിക്കേഷനും രേഖപ്പെടുത്താത്ത A4-1440/17 നമ്പരായിട്ടുള്ള ടെണ്ടർ നോട്ടീസിൽ ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു, അടങ്കൽ- 360000, കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും അറിയാം. എന്നുമാണ് പരസ്യപ്പെടുത്തിയിരുന്നത്. കട്ടിലിന്റെ സ്പെസിഫിക്കേഷൻ,യൂണിറ്റ് കോസ്റ്റ് എന്നിവ പരസ്യപ്പെടുത്തിയിരുന്നില്ല.

2. ഷാലോം ഫുഡ്ക്രാഫ്റ്റിംഗ് & ഫർണിച്ചേഴ്സ് കുമ്പളാം പൊയ്ക, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തിരുവല്ല, തമ്പുരാൻ കാലായിൽട്രേഡ് ലിങ്ക്സ് നാരങ്ങാനം എന്നീ സ്ഥാപനങ്ങളുടെ ടെണ്ടർ താരതമ്യം ചെയ്ത് ടാബുലേഷൻ ഷീറ്റ് തയ്യാറാക്കിയതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതായി കാണിച്ചിട്ടുള്ളത് ഷാലോമിന്റേതാണ്.താരതമ്യപ്പട്ടിക തയ്യാറാക്കിയതിൽ സ്പെസിഫിക്കേ ഷൻ,നികുതികൾ ഉൾപ്പെടെയുള്ള നിരക്ക്, വിതരണ സമയം,ഇ.എം.ഡി, ഓഫറിന്റെ സാധുതാ കാലയളവ്, തുക അനുവദിക്കേണ്ട രീതി(ഖ.9.1-9.72) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (ഷാലോം വുഡ് ക്രാഫ്റ്റിംഗ് & ഫർണീച്ചർ ഏറ്റവും കുറഞ്ഞ നിരക്കായ 3300 രൂപ ക്വോട്ട് ചെയ്തെങ്കിലും പ്രാഥമിക കരാർ ഉടമ്പടി വച്ചിട്ടില്ലാത്തതിനാൽ പരിഗണിച്ചിട്ടില്ല.) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, തമ്പുരാൻ കാലായിൽ എന്നിവർ G.O(Rt) 2086/17/LSGD/21.06.2017 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള കട്ടിലിന്റെ വിലയാണ് ക്വോട്ട് ചെയ്തിരുന്നത്. നിരക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | KAICO ക്വോട്ട് ചെയ്ത വില | തമ്പുരാൻ കാലായിൽ ക്വോട്ട് ചെയ്ത വില |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ആഞ്ഞിലിത്തടി ഫ്രെയിം<br>1.98mX90cm<br>60cmX50cm<br>8mm plywood | 3690 | 3390 |
| 2. | മഹാഗണി ഫ്രെയിം<br>1.98mX90cm<br>60cmX50cm<br>8mm plywood | 3990 | 3497 |
| 3. | ആഞ്ഞിലിത്തടി<br>1.98mX90cm<br>60cmX50cm<br>8mm ISI plywood | - | 3899 |
| 4. | മഹാഗണിത്തടി<br>1.98mX90cm<br>60cmX50cm<br>8mm ISI plywood | - | 3997 |
| 5. | ആഞ്ഞിലിത്തടി + ആഞ്ഞിലിപ്പലക | - | 4150 |
| 6. | മഹാഗണിത്തടി+മഹാഗണിപ്പലക | - | 4290 |
| 7. | 18gauge കമ്പി frame+ 8mm plywood | - | 3979 |

ഇതിൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സിന്റെ മഹാഗണി ഫ്രെയിമും മഹാഗണിപ്പലകയും ഉപയോഗിച്ച നിർമ്മിച്ച കട്ടിൽ വാങ്ങുന്നതിന് 04.10.2017 ൽ പ്രൊക്വയർമെന്റ് കമ്മിറ്റിയും 06.10.2017 ലെ 1-10 ാം നമ്പർ തീരുമാനമായി ഭരണസമിതിയും തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെസിഫിക്കേഷൻ പാലിച്ചിട്ടുള്ള കട്ടിലുകളുടെ വില താരതമ്യേന കുറഞ്ഞ നിരക്കിൽ ഉണ്ടായിരുന്നിട്ടും മഹാഗണിത്തടിയുടെ കൂടിയ നിരക്കിലുള്ള കട്ടിലുകൾ തെരഞ്ഞെടുത്തതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2014 ലെ സ്റ്റോർ പർച്ചേസ് മാന്വൽ അദ്ധ്യായം 4 ൽ വാങ്ങുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച് സ്പെസിഫിക്കേഷൻ രൂപീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്പെസിഫിക്കേഷനുകളും അനുബന്ധ സാങ്കേതിക വിവരങ്ങളും ഉപയോക്താവിന്റെ ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന വിധത്തിൽ പൂർണ്ണവും ശരിയുമാണെന്ന് ഉറപ്പാക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പാലിച്ചിട്ടില്ല.

4. നിരക്ക്, ഗുണനിലവാരം, വിതരണ നിബന്ധനകൾ,തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്ത് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കണമെന്ന നിബന്ധന പാലിക്കാതെയാണ് കൂടിയ നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിച്ചിട്ടുള്ളത്.

5. കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ കാരണം രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
6. വാങ്ങിയ കട്ടിലുകളുടെ ഗുണനിലവാരം വനം വകുപ്പിലെ റേഞ്ച് ഓഫീസറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ഒരു വാർഡിൽ 6 പേർക്ക് വീതം 14 വാർഡിലായി 84 കട്ടിലുകൾ വിതരണം ചെയ്തതിൽ നിന്നും വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെയ്ക്കുന്ന പ്രവണതയാണ് കാണുന്നത്. ഇത് ശരിയായ കീഴ് വഴക്കമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/18 തീയതി 13.11.2018) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 3,60,000 രൂപ തടസ്സപ്പെടുത്തുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സം തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പൾസ് പോളിയോ -ഫണ്ട് ചെലവഴിച്ചതിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 65/2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ | 40000(വികസന ഫണ്ട്) |
| ചെലവ്, ബിൽ നമ്പർ | 14000, 9/2017-18 തീ.29.12.2017<br>6000, 15/2017-18 തീ.23.03.2018<br>20000, 18/2017-18 തീ.23.03.2018 |

കുട്ടികൾക്കും അമ്മമാർക്കുമുള്ള രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 20000 രൂപയും പൾസ് പോളിയോ നടത്തിപ്പിനായി 20000 രൂപയും ഉൾപ്പെടെ 40000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ പ്രോജക്ടിൽ പൾസ് പോളിയോ പ്രവർത്തനങ്ങൾക്കായി 20000 രൂപയും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വാഹന വാടകയിനത്തിൽ 20000 രൂപയും മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നം.647/18/തസ്വഭവ തീയതി 08.03.2018 പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് ഗ്രാമപ്പഞ്ചായത്തുകൾ പരമാവധി 10000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനാണ് അനുമതി. പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി MO PHC ഹാജരാക്കിയവൗച്ചറുകൾ പരിശോധിച്ചതിൽ വാഹന വാടകയായി 4000 രൂപയും ഭക്ഷണത്തിനായി 4950 രൂപയും മറ്റ് ചെലവുകൾക്കായി (പ്രിന്റിംഗ്- 1660, മൈക്ക് അനൗൺസ്മെന്റ്, ജനറേറ്റർ- 5000, സ്റ്റേഷനറി -190, വോളന്റിയർ -4200) 11050 രൂപയും ഉൾപ്പെടെ 20000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 20000/- രൂപ തനത് ഫണ്ടിൽ നിന്നും ക്രമീകരിക്കേണ്ടതാണ്. പരിധിയിൽ കവിഞ്ഞ് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ എസ്സ്.റ്റി കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയിലാണ് ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് . വിശദാംശം

ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | ഗുണഭോക്താവിന്റെ പേരും വിലാസവും | ചെലവഴിച്ച തുക,ബിൽ നമ്പർ/തീയതി |
|---|---|---|
| എസ്സ്.റ്റി കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ 115/2018 | നന്ദു മുരളി<br>ചൂരയ്ക്കൽ വീട്<br>വെസ്റ്റ് ഓതറ | 8120,ബിൽ നമ്പർ 7, തീയതി 10.01.2018 |
| | ഗീതു എം.<br>ചൂരയ്ക്കൽ വീട്<br>ഓതറ | |

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി. നം. 18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അധികാര സ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭക്കു മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്ഷപാതപരമായ തിരഞ്ഞെടുക്കൽ ഇൻഡ്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനമായിരിക്കുമെന്നും പരാമർശിച്ചിട്ടുണ്ട്.

ഗ്രാമസഭ അംഗീകരിക്കാത്ത ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 8120 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ പേര് അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച തുക നിരാകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ/ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## 3-6 വസ്തു വകകളുടെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെട്ട വസ്തുവകകളുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന വസ്തുവിന്റേതടക്കം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരിഭാഗം വസ്തുവകകളുടേയും ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.

ആസ്തി രജിസ്റ്റർ പ്രകാരം 39 സ്ഥലങ്ങളിലായി പഞ്ചായത്തിന് വസ്തുവകകൾ ഉണ്ട്. വസ്തുവിന്റെയൊന്നും അസ്സൽ പ്രമാണം പഞ്ചായത്തിൽ ലഭ്യമല്ല. കൂടാതെ കരം അടയ്ക്കുന്നുമില്ല. വസ്തു വകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാമപഞ്ചായത്തു വക വസ്തുവിന്റെ വിവരം | സർവ്വെ നമ്പർ | സ്ഥലത്തിന്റെ വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1. | കുറ്റൂർ പഞ്ചായത്ത് മാർക്കറ്റ് സ്റ്റാൾ | - | 58 ച.മീ | |
| 2. | ഹെൽത്ത് സെന്റർ കെട്ടിടം,ഫാമിലി വെൽഫെയർ സെന്റർ | 54/6 | 5 ച.മീ | |
| 3. | ലൈബ്രറി ,വെസ്റ്റ് | - | 40 ച.മീ | |

| | | | | |
|---|---|---|---|---|
| | ഓതറ | | | |
| 4. | ഹോമിയോ ആശുപത്രി | - | 19.07 ച.മീ | |
| 5. | ഗവ. ആയുർവേദ ആശുപത്രി | - | 4.6 ച.മീ | |
| 6. | കർതാലിൽ കടവ് | - | 12 ച.മീ | |
| 7. | - | - | `18ച.മീ | ആസ്തിയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 8. | പടിഞ്ഞാറേ പള്ളത്തു കടവ് | - | 10 ച.മീ | |
| 9. | മുണ്ടച്ചിറ ആറാട്ടു കടവ് | - | 14.7 ച.മീ | |
| 10. | കടവ് | - | 6.84 ച.മീ | |
| 11. | കടവ് | - | 63 ച.മീ | |
| 12. | മുകാഞ്ഞിരത്തു കടവ് | - | 15.2 ച.മീ | |
| 13. | അങ്കണവാടി നമ്പർ 49 | - | 60 ച.മീ | |
| 14. | ലൈബ്രറി, ആറാട്ടു കടവ് | - | 90 ച.മീ | |
| 15. | ശിശുവിഹാർ,തലയാർ | 121 | 3 ആർ | |
| 16. | അങ്കണവാടി നം.60 വെൺപാല | - | 1 ആർ 2.7 ച.മീ | |
| 17. | അങ്കണവാടി നം.48 | - | 96.5 ച.മീ | |
| 18. | ഗവ.എൽ.പി.എസ്സ്, വെസ്റ്റ് ഓതറ | 295/8 | 16 ആർ | |
| 19. | പഞ്ചായത്ത് കടവ് | - | 30 ച.മീ | |
| 20. | മാർക്കറ്റ് സ്റ്റാൾ,കുറ്റൂർ | - | 58 .ച.മീ | |
| 21. | കൃഷി ഭവൻ | 66/3 | 13ആർ 22 ച.മീ | |
| 22. | കമ്പ്യൂട്ടർ റൂം,വി.ഇ.ഒ റൂം,കമ്മ്യൂണിറ്റി ഹാൾ ഓഡിറ്റോറിയം, പഞ്ചായത്ത് ഓഫീസ് കെട്ടിടം, | 60/3 | 13 ആർ 22 ച.മീ | |
| 23. | പഴയ ഷോപ്പിംഗ് കോംപ്ലക്സ് | - | 95 ച.മീ | |
| 24. | ഹെൽത്ത് സെന്റർ കെട്ടിടം | 54/6 | 4 ആർ 5 ച.മീ | |

| | | | | |
|---|---|---|---|---|
| 25. | ഫാമിലി വെൽഫെയർ സെന്റർ | 54/6 | 1 ആർ 5 ച.മീ | |
| 26. | ഗവ.എൽ പി.എസ്സ്.സ്കൂൾ, പണ്ടിശ്ശേരിക്കാവ് കെട്ടിടം 1 | 8/8 | 25 ആർ 95 ച.മീ | |
| 27. | ഗവ.എൽ പി.എസ്സ്.സ്കൂൾ, പണ്ടിശ്ശേരിക്കാവ് കെട്ടിടം 2,അടുക്കള | 10/1 | 34 ആർ 10 ച.മീ | |
| 28. | മിനി സ്റ്റേഡിയം, മതിയം ചിറ | - | 4 ആർ | |
| 29. | ഡിസ്പെൻസറി | - | 4 ആർ | |
| 30. | ലൈബ്രറി | - | 40 ച.മീ | |
| 31. | ഹോമിയോ ഡിസ്പെൻസറി | - | 4 ആർ 19 ച.മീ | |
| 32. | ഗവ.ആയുർവേദ ആശുപത്രി | - | 4 ആർ 5 ച.മീ | |
| 33. | ഐ.സി.ഡി.എസ്സ്, സബ്സെന്റർ | - | 13 ആർ 22 ച.മീ | |
| 34. | അങ്കണവാടി 54 | - | 80 ച.മീ | |
| 35. | ഗോവർദ്ധന കേന്ദ്രം | - | 96 ച.മീ | |
| 36. | ടി,വി സെന്റർ | - | 40 ച.മീ | |
| 37. | മൃഗാശുപത്രി | - | 4 ആർ 5 ച.മീ | |
| 38. | അങ്കണവാടി മുള്ളിപ്പാറ | - | 40 ച.മീ | |
| 39. | തെങ്ങേലി ഗവ.എൽ.പി.എസ്സ് | - | 600 ച.മീ | |

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. സർവ്വേ നമ്പർ, ആസ്തി ആർജ്ജിച്ച വർഷം തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരം സ്ഥലം തഹസീൽദാർ മുഖേന വില്ലേജ് ഓഫീസറോട് പഞ്ചായത്തിന്റെ വസ്തുവകകളുടെ ഉടമസ്ഥത സംബന്ധിച്ച് വിവരങ്ങൾ ആരായാവുന്നതും നിശ്ചിതസമയപരിധിക്കുള്ളിൽ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതുമാണ്.പഞ്ചായത്ത് രാജ് (വില്ലേജ് ഓഫീസർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടം 5 പ്രകാരം അനധികൃത കൈയ്യേറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങളും നൽകാൻ ആവശ്യപ്പെടാവുന്നതാണ്.

റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അസ്സൽ പ്രമാണം കൈവശപ്പെടുത്തേണ്ടതും വസ്തു അളന്നതിരിച്ച് അതിർത്തി നിർണ്ണയിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും

സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നുവാങ്ങൽ എന്ന പദ്ധതിക്കുവേണ്ടി (പ്രോജകട് നം. 64/17-18) മരുന്ന് വാങ്ങുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 300000 രൂപയും (ബിൽ നമ്പർ 13/17-18 തീയതി 03.02.2018) പാലിയേറ്റീവ് കെയർ പ്രോജക്ടിൽ 193200 രൂപയും (8/17-18 തീയതി 30.10.2017) കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ ചെലവുതുക 4,93,200 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 സ്പെസിഫിക്കേഷൻ ഇല്ലാതെ ടെണ്ടർ ക്ഷണിച്ചു - വാങ്ങലുകളിൽ സുതാര്യത ഇല്ല

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിലെ വാങ്ങലുകൾക്ക് സ്പെസിഫിക്കേഷൻ നൽകാതെയാണ് ടെണ്ടർ ക്ഷണിച്ചത്. കൃത്യമായ സ്പെസിഫിക്കേഷൻ ഇല്ലാതെ ടെണ്ടർ ക്ഷണിച്ചതിനാൽ വ്യത്യസ്ത സ്പെസിഫിക്കേഷനുകളിലുള്ള സാധനങ്ങളാണ് വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിരുന്നത്. ഇതിനാൽത്തന്നെ സാധനങ്ങളുടെ വാങ്ങലുകളിൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനോ ഒരേ സ്പെസ്ഫിക്കേഷനിലുള്ള ഇനങ്ങളിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി കുറഞ്ഞ നിരക്കിലുള്ളവ വാങ്ങി സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. പ്രൊക്യുയർമെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങൽ ടീമാണ് ടെണ്ടർ രേഖകൾ തയ്യാറാക്കേണ്ടത്. എന്നാൽ പ്രൊക്യുയർമെന്റ് കമ്മിറ്റി ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ വാങ്ങൽ ടീമിന് നൽകിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിർവ്വഹണോദ്യോഗസ്ഥ |
|---|---|---|---|
| 58/17 | സ്കൂളുകൾക്ക് മൈക്ക് സെറ്റ് വാങ്ങൽ | 50000 | ഹെഡ്മിസ്ട്രസ്സ് |
| 59/17 | എസ്സ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ | 135000 | " |
| 60/17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ | 295000 | " |
| 61/17 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ | 78317 | " |
| 115/17 | എസ്സ്.റ്റി കുട്ടികൾക്ക് ഫർണിച്ചർ | 97900 | " |
| 135/17 | എസ്സ്.റ്റി കുട്ടികൾക്ക് സൈക്കിൾ | 5000 | " |
| 68/17 | വൃദ്ധർക്ക് കട്ടിൽ | 360000 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

പ്രൊക്യൂർമെന്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വ്യക്തമായ സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ മാത്രം ടെണ്ടർ ക്ഷണിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖാ പ്രകാരം പൊതു വിഭാഗം വികസനഫണ്ടിന്റെ 10 ശതമാനമെങ്കിലും തുക മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ മുഖേനയുള്ള പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്തിൽ ഹരിതകർമ്മ സേനാ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി 366500/- രൂപയും ഹരിത സഹായ സ്ഥാപനത്തിനായി 248527/-രൂപയും വകയിരുത്തിയിരുന്നു. (ധനകാര്യകമ്മീഷൻ ഗ്രാന്റ്) എന്നാൽ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല. ഈ വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 പൊതുമരാമത്ത് പ്രവൃത്തികൾ - റോഡ് നിർമ്മാണത്തിനുള്ള മൺപണി - വികസന ഫണ്ട് ഉപയോഗിച്ചത് ക്രമപ്രകാരമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ(എം.എസ്സ്)72/2017/ തസ്വഭവ. തീയതി 29.03.2017) ഖണ്ഡിക 12.10(2) പ്രകാരം റോഡ് നിർമ്മാണ പ്രവൃത്തികളിൽ മൺപണി, മെറ്റലിംഗ് എന്നിവയുടെ ചെലവ് തൊഴിലുറപ്പ് പദ്ധതിയിലും ടാറിംഗ് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികൾ വികസന ഫണ്ട് ഉപയോഗിച്ചും ചെയ്യുന്ന വിധത്തിലായിരിക്കണം വിഭാവനം ചെയ്യേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന മൺപണികൾക്കായി (മണ്ണിട്ട് നികത്തൽ) വികസന ഫണ്ടാണ് ചെലവഴിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| 1. | മുണ്ടിയത്ര- പാലമൂട്ടിൽ റോഡ് മണ്ണിട്ടുയർത്തി പാർശ്വഭിത്തി സംരക്ഷണം | 38/2018 | 32039 |
| 2. | പാലത്തിട്ടപ്പാലം റോഡ് മെയ്ന്റനനൻസ് | 105/18 | 71815 |
| 3. | കുറ്റിക്കാട്ട് പടി കനാൽ റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റിംഗ് | 108/18 | 316254 |
| 4. | തെങ്ങേലി എൽ.പി.എസ്സ് പനച്ചിത്രപ്പടി റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റിംഗ് | 154/18 | 154055 |

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടു മാത്രം പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 അർഹരായ ഗുണഭോക്താക്കളുടെ അപര്യാപ്തത മൂലം ചെലവ് കുറയുന്നു

ഉത്പാദന മേഖലയിൽ ഉൾപ്പെടുന്ന മൃഗസംരക്ഷണ മേഖലയിൽ വെറ്ററിനറി സർജൻ നിർവ്വഹണം

നടത്തിയ മുട്ടക്കോഴി വിതരണം, കിടാരി വിതരണം, കറവ മെഷീന് സബ്സിഡി തുടങ്ങിയ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ കുറവായതു കാരണം അടങ്കലിന്റെ 52% തുക മാത്രമേ ചെലവഴിക്കാനായുള്ളൂ. പ്രസ്തുത പ്രോജക്ടുകൾക്കായി 2124000 രൂപ വകയിരുത്തിയതിൽ 1095200 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1. | മുട്ടക്കോഴി വളർത്തൽ(വനിത),49/18 | വികസന ഫണ്ട്-500000<br>ഗുണ.വിഹിതം-500000 | വികസന ഫണ്ട്-269600<br>ഗുണ.വിഹിതം-269600 |
| 2. | കന്നുകാലി ഇൻഷ്വറൻസ് | വികസന ഫണ്ട്-19800 | - |
| 3. | കിടാരി വിതരണം(ജനറൽ)<br>54/18 | വികസന ഫണ്ട്-222000<br>ഗുണ.വിഹിതം-222000 | വികസന ഫണ്ട്-186000<br>ഗുണ.വിഹിതം-186000 |
| 4. | കിടാരി വിതരണം(എസ്സ്.സി)<br>56/18 | വികസന ഫണ്ട്-135000<br>ഗുണഭോക്തൃ വിഹിതം-45000 | വികസന ഫണ്ട്-63000<br>ഗുണഭോക്തൃ വിഹിതം-21000 |
| 5. | കറവ മെഷീന് സബ്സിഡി<br>57/18 | വികസന ഫണ്ട് -250000<br>ഗുണ.വിഹിതം-250000 | വികസന ഫണ്ട് -50000<br>ഗുണ.വിഹിതം-50000 |
| ആകെ | | 2124000 | 1095200 |

ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ടി പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കി ആനുകൂല്യം കൈപ്പറ്റുന്നതിന് മതിയായ എണ്ണം ഗുണഭോക്താക്കൾ ഇല്ലാതിരുന്നതാണ് ചെലവ് കുറയാനിടയായത്. പ്രോജക്ടുകളിൽ ചെലവഴിക്കാനവശേഷിച്ച തുക നഷ്ടപ്പെടുകയും ചെയ്തു. ഗ്രാമപ്പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ നഷ്ടമായത്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ അർഹതാമാനദണ്ഡങ്ങൾ വ്യക്തമായി നിർവ്വചിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കിയ സെന്റേജ് ചാർജ് തിരികെ ഈടാക്കണം

2017-18 പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ താഴെ പറയുന്ന പദ്ധതിയ്ക്ക് തുക ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 12.5% സെന്റേജ് ചാർജും 2.5% കണ്ടിജൻസിയെന്നും രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് തുകയാണ് മേൽ പദ്ധതിയ്ക്കായി തിരുവല്ല, PH ഡിവിഷൻ എക്സി.എഞ്ചിനീയറുടെ

അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% സെന്റേജ് ചാർജ്ജും എന്ന നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നത്. PWD മാന്വൽ ഖണ്ഡിക 1601.4 പ്രകാരം 2.5% സെന്റേജ് ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. PWD മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. തദ്ദേശ സ്വയം ഭരണ (FM) വകുപ്പിന്റെ 16.04.2018 ലെ സ.ഉ (സാധാ) നം.1069/2018/ത.സ്വ.ഭ വ ഉത്തരവ് പ്രകാരം K.W.A യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സെന്റേജ് ചാർജ് ഈടാക്കാൻ കഴിയുകയില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ/പേര്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്റ്റിമേറ്റ് | അധികമായി നൽകിയ 2.5% സെന്റേജ് ചാർജ് | ബിൽനമ്പർ/തീയതി/ ഫണ്ടിനം |
|---|---|---|---|
| 136/2017-18, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, സെക്രട്ടറി | എസ്റ്റിമേറ്റ്-483778<br>സെന്റേജ് ചാർജ് (12.5%)-₹60472<br>കണ്ടിജൻസി(2.5%)-₹8583<br>റോഡ് റിസ്റ്റോറേഷൻ-₹46516<br>Unforeseen-₹651 | 12094 | വികസന ഫണ്ട്-49380<br>(ബിൽ നം:70/ 15.11.2017)<br>ധനകാര്യ കമ്മീഷൻ-550620<br>(ബിൽ നം:69/ 15.11.2017) |
| ആകെ | ₹600000 | | |

സെന്റേജ് ചാർജായി അടവാക്കിയ 12094 രൂപ തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 തൊഴിലുറപ്പ് പദ്ധതി

2017-18 വർഷം 288 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 102 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. തൊഴിൽ ആവശ്യപ്പെട്ട് 549 കുടുംബങ്ങളിൽ 517 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും 29117തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. 1867 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ 549 കുടുംബങ്ങൾ തൊഴിലിനു വേണ്ടി അപേക്ഷിച്ചിരുന്നു. കിണർ നിർമ്മാണം, കക്കൂസ് നിർമ്മാണം, ഭവന നിർമ്മാണം, വൃക്ഷത്തൈ നടീൽ, മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. വരവു ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ചെലവിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 51436 | 955405 | 1006841 | 1001298 | 5543 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 10512000 | 1051200 | 1051200 | - |

## 3-14 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പട്ടികജാതി വികസനഫണ്ട് വിനിയോഗിച്ച് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവ് |
|---|---|---|

| | | |
|---|---|---|
| 1. | നടത്തിക്കുഴി കോളനി റോഡ് റീ കോൺക്രീറ്റിംഗ്<br>80/17-18 | 199512 |
| 2. | കടവു പാറ കോളനി റീ ടാറിംഗ്<br>91/17-18 | 369223 |
| 3. | ചോഴിയം പാറ കനാൽ റോഡ് സൈഡ് കോൺക്രീറ്റിംഗ്<br>100/17-18 | 380261 |
| 4. | പാലത്തിട്ട പാലം റോഡ് മെയ്ന്റനൻസ്<br>105/17-18 | 71815 |
| 5. | 54-ാം നമ്പർ അങ്കണവാടി മെയ്ന്റനൻസ്<br>106/17-18 | 49825 |
| | ആകെ | 1070636 |

പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം വകയിരുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ 50% എസ്സ്.സി/എസ്സ്.റ്റി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളായിരിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടികജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ എസ്സ്.സി.പി വിഹിതം സർക്കാർ നിർദ്ദേശത്തിന് അനുസൃതമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഫീസിബിലിറ്റി ഫണ്ടിന്റെ അഭാവത്തിൽ എസ്സ്.സി.പി ഫണ്ടിൽ നിന്നുള്ള 1070636 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 മരാമത്ത് പ്രവൃത്തികൾ- റോഡ് കോൺക്രീറ്റിംഗിൽ ഒതുങ്ങുന്നു

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ 43 പ്രവൃത്തികളിൽ (സ്പിൽ ഓവർ-14 ,പുതിയത്- 29) 30 എണ്ണവും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ വികസന മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങളിൽ (പേജ് 50-ഖണ്ഡിക 12.10) റോഡ്നിർമ്മാണം മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ പൊതുമരാമത്ത് വ്യവസ്ഥകൾ പാലിച്ചു കൊണ്ട് മാത്രമേ കോൺക്രീറ്റ് പണികൾ ചെയ്യാൻ പാടുള്ളുവെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അവഗണിച്ചാണ് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് (റോഡ്) വിഹിതങ്ങൾ ഉപയോഗിച്ച് വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. എസ്റ്റ്മേറ്റ് റിപ്പോർട്ടുകൾ ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കോൺക്രീറ്റിംഗ് നടത്താനുണ്ടായ സാഹചര്യമോ, റ്റി.എസ്സ് അധികാരി അത് പരിശോധിച്ച് ബോദ്ധ്യപ്പെടുകയോ ചെയ്തുവെന്ന് ഉറപ്പാക്കാനായിട്ടില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ ഹാജരാക്കേണ്ടതും അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-16 ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾ -2012000/- രൂപ അടങ്കലുള്ള 5 പ്രവൃത്തികൾ നടപ്പിലാക്കിയില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

2017-18 വർഷം അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്ക് കരാർ ഉടമ്പടി

വച്ചുവെങ്കിലും നടപ്പിലായില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1. | 11/17-18 | വളം കട നല്ലൂർ സ്ഥാനം റോഡ് | 500000 |
| 2. | 14/17-18 | കദളിമംഗലം ഇടശ്ശേരി റോഡ് റീടാറിംഗ് | 600000 |
| 3. | 16/17-18 | കർത്താലിൽപ്പടി പുത്തൂർക്കാവ് റോഡി റീടാറിംഗ് | 369000 |
| 4. | 20/17-18 | ആഞ്ഞിലി മൂട്ടിൽപ്പടി തച്ചമലപ്പടി റോഡ് റീടാറിംഗ് | 350000 |
| 5. | 21/17-18 | പാണ്ടിശ്ശേരിപ്പടി - പറയംകുളം റോഡ് റീടാറിംഗ് | 193000 |
| | ആകെ | | 2012000 |

ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി/ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരമോ, പദ്ധതി ഉപേക്ഷിച്ചെങ്കിൽ കാരണമോ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75000 | 5/17-18,ക്ഷീര കർഷകർക്ക് സബ്സിഡി | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 109500 | 42/17-18,നെൽകൃഷി വികസനം | 109500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | 1/17-18,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | | | |
| | | | | |
| ജില്ലാ പഞ്ചായത്ത് | 401500 | 42/17-18,നെൽകൃഷി വികസനം | 401500 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 1/17-18,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 100000 | 2/17-18,അങ്കണവാടി അനുപൂരക പോഷകാഹാരം | 98663 | 1337 |
| ജില്ലാ പഞ്ചായത്ത് | 500000 | 63/17-18പാലിയേറ്റീവ് കെയർ | 500000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് | ചെലവഴിച്ച | പൂർത്തീകരിച്ച |
|---|---|---|---|---|

| ഏജൻസി | | തുക | തുക | വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 130/17-18,വൈദ്യുത ലൈൻ നീട്ടൽ | 96180 | 96180 | പൂർത്തീകരണ വിവരം ലഭ്യമല്ല. |
| വാട്ടർ അതോറിറ്റി | 136/17-18പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | 600000 | പൂർത്തീകരണ വിവരം ലഭ്യമല്ല |
| കെ.എസ്.ഇ.ബി | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

-ഇല്ല-

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

-ഇല്ല-

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 14600 രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2007-08 മുതൽ 2009-10 വരെ | 3-32 | 14600 | ലത.എം.എസ്സ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 117030103093 തീയതി 03.01.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | സമ്പ്രദായം ഏർപ്പെടുത്തിയില്ല. | |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1997-98 | 25(2)(1), 25(2)(2) 25(3)(6) | വി.കെ. രാജീവ്, ജൂനിയർ സൂപ്രണ്ട് | LF 1079/Spl.cell /sc.c1/01 dtd. 19.08.02. | 2390 | തുക അടവാക്കിയിട്ടില്ല | 2390 |
| 1997-98 | 27, 29, 34, 35 | വി.കെ. രാജീവ്, ജൂനിയർ സൂപ്രണ്ട് | LF 1079/Spl.cell /sc.c1/01 dtd. 19.08.02. | 5336 | തുക അടവാക്കിയിട്ടില്ല | 5336 |
| 1997-98 | വിവിധ ഖണ്ഡികകൾ | ആർ. രാജീവ് ചന്ദ്രൻ, ജൂനിയർ സൂപ്രണ്ട് | LF 1079/Spl.cell /sc.c1/01 dtd. 19.08.02. | 1780 | തുക അടവാക്കിയിട്ടില്ല | 1780 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48626395 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43706606 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2222206 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |

| | | | |
|---|---|---|---|
| 3-2 | | 28000 | Dr.ഷൈലാ മാത്യൂ,മെഡിക്കൽ ഓഫീസർ,P.H.C,കുറ്റൂർ |
| ആകെ | | 28000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 290250 | ശ്രീമതി.മെഹ്റുന്നീസാ ബീഗം,ICDS സൂപ്പർവൈസർ,കുറ്റൂർ |
| 3-3 | 360000 | Dr.ഷൈലാ മാത്യൂ,മെഡിക്കൽ ഓഫീസർ,P.H.C,കുറ്റൂർ |
| 3-5 | 8120 | ശ്രീമതി.Pഉഷാകുമാരി,ഹെഡ്മിസ്ട്രസ്സ്,GLPS,കുറ്റൂർ. |
| 3-7 | 493200 | Dr.ഷൈലാ മാത്യൂ, മെഡിക്കൽ ഓഫീസർ, P.H.C,കുറ്റൂർ |
| 3-14 | 1070636 | ശ്രീമതി. പ്രമീള P. അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | 2222206 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-1

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മെഹ്റുന്നീസാ ബീഗം,<br>ICDS സൂപ്പർവൈസർ,കുറ്റൂർ | ICDS സൂപ്പർവൈസർ,കുറ്റൂർ | CRA-2,ആലിഫ് മൻസിൽ,വാഴൂട്ട് കോണം,വട്ടിയൂർക്കാവ്,തിരുവനന്തപുരം |
| Dr.ഷൈലാ മാത്യൂ, മെഡിക്കൽ<br>ഓഫീസർ,P.H.C,കുറ്റൂർ | മെഡിക്കൽ ഓഫീസർ,P.H.C,കുറ്റൂർ | ആവ്വെ മറിയ,ശാസ്താംകോട്ട,കൊല്ലം. |
| ശ്രീമതി.Pഉഷാ കുമാരി,<br>ഹെഡ്മിസ്ട്രസ്സ്,GLPS,കുറ്റൂർ. | ഹെഡ്മിസ്ട്രസ്സ്,GLPS,കുറ്റൂർ. | കാർത്തിക,പ്രയാർ,പാണ്ടനാട് നോർത്ത് P.O,ചെങ്ങന്നൂർ. |
| ശ്രീമതി.പ്രമീള P.<br>അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ,<br>തിരുവല്ല നഗരസഭ. | കൊച്ചുപറമ്പ്,മിത്രക്കരി,ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 | 2 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 | 3 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 19 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 15 |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 38 |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 13 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 8 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 | 1 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 3 |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 | 6 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 18 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 11 |
| 2013-14മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട.

# Annexure

# AUDIT CERTIFICATE

No.K.S.A.PTA.P4/1521/2018
Dated:12.12..2018

Certified that I have examined the Annual Financial Statement of Kuttoor Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kuttoor Grama Panchayat for the year 2017-18 except the observations in my report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director (H.G)

Kerala State Audit Department

Pathanamthitta

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പിറ്റിഎ/പി 4/1521 /2018 തീയ്യതി: 12.12.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട